(ഡി) പാരമ്പര്യേതര ഊർജ്ജമേഖലയിൽ ഏതൊക്കെ പദ്ധതികളാണ് ഉള്ളതെന്നും അതുവഴി ഊർജ്ജോൽപ്പാദനത്തിൽ ലക്ഷ്യമാക്കുന്ന അളവ് എത്ര യെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകാര്യ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയിലുള്ള സമഗ്ര വികസനത്തിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 6-11-2004-ൽ ജി. ഒ. (എം. എസ്.) 23/2004/പി.ഡി. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനു സരിച്ചുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഇല്ല.

(ഡി) പവനോർജ്ജ പദ്ധതികൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ, ജൈവോർജ്ജ പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ, താപോർജ്ജ പദ്ധതികൾ എന്നിവയാണ് പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിലവിലുള്ളത്. ഇവയെക്കുറിച്ച് നടത്തിയ പഠനങ്ങളിൽ നിന്നും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ അളവ് താഴെ ചേർത്തിരിക്കുന്നു.

1. പവനോർജ്ജം—600 MW
2. ചെറുകിട ജലോർജ്ജം—450 MW
3. ജൈവോർജ്ജം—50 MW
4. സൗരോർജ്ജം—2300 MW

കെ. എസ്. ഇ. ബി. യുടെ പുതിയ സെക്ഷൻ ആഫീസുകൾ

40 [351] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പുതിയ സെക്ഷൻ ആഫീസുകൾ കെ. എസ്. ഇ. ബി. യുടെ കീഴിൽ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത ആഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) നെയ്യാറ്റിൻകര ഡിവിഷന്റെ കീഴിൽ കോട്ടുകാൽ ഒരു സെക്ഷൻ ആഫീസ് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 41

സെക്ഷനുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉച്ചക്കട, എടുർ, ചെമ്പേരി എന്നീ സെക്ഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു:

സെക്ഷന്റെ പേര്	ഉച്ചക്കട	എടുർ	ചെമ്പേരി
സർക്കിൾ	തിരുവനന്തപുരം (റൂറൽ)	കണ്ണൂർ	കണ്ണൂർ
ഡിവിഷൻ	നെയ്യാറ്റിൻകര	തലശ്ശേരി	പയ്യന്നൂർ
സബ് ഡിവിഷൻ	പാറശ്ശാല	ഇരിട്ടി	ശ്രീകണ്ഠപുരം
ഉപഭോക്താക്കളുടെ എണ്ണം	10350	7400	10,500
വിസ്തീർണ്ണം	42 sq.k.m.	53 sq.k.m.	271 sq.k.m.
ആരംഭിച്ച തീയതി	13-6-2005	24-6-2005	24-6-2005
11 കെ. വി. ലൈൻ കി. മീ.	24	80	85
എൽ. റ്റി. ലൈൻ കി. മീ.	210	242	300
ട്രാൻസ്ഫോമറുകളുടെ എണ്ണം	29	42	45

(സി) ഉണ്ട്

(ഡി) പ്രസക്തമല്ല

വൈദ്യുതി ബോർഡിൽ പുതുതായി ആരംഭിച്ച സെക്ഷനുകളും ഡിവിഷനുകളും സർക്കിളുകളും

41 [352] *ശ്രീ. എ. കെ. മണി:*
,, *ബി. വിജയകുമാർ:*
,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിൽ എത്ര സെക്ഷനുകളും ഡിവിഷനുകളും സർക്കിളുകളും പുതുതായി രൂപീകരിച്ചു.

(ബി) അവിടെ ആകെ വേണ്ട സ്റ്റാഫിന്റെ എണ്ണം എത്രയാണ്, ഈ സ്റ്റാഫിനു വേണ്ടി പ്രതിവർഷം എന്തു തുക ചെലവുവരും;

GPM. 2/360/2012.—12

LIBRARY ARCHIVES Kerala Legislative Assembly